പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പദ്ധതി

169 (858) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ അനുവദിച്ച 70 കോടി രൂപയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പദ്ധതി എത്രത്തോളം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) 2014 ആഗസ്റ്റ് മാസം പൂർത്തിയാക്കേണ്ട പദ്ധതി ഇനിയും എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ;

(ഡി) നാളിതുവരെ ഏതെല്ലാം OH ടാങ്കുകളിലേക്ക് പൈപ്പ് ലൈൻ വലിച്ച് നീരേറ്റുപുറം പ്ലാന്റിൽ നിന്നും സപ്ലൈ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) 2015 ഡിസംബറിനകം ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കുമെന്നും ഏതെല്ലാം OH ടാങ്കുകളിൽ കുടിവെള്ളം ലഭ്യമാക്കുമെന്നും വിശദമാക്കാമോ; OH ടാങ്കുകളിൽ നിന്നുള്ള വിതരണ ലൈനുകളുടെ മാപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) കാവാലം, തകഴി എന്നിവിടങ്ങളിലെ പുതിയ OH ടാങ്കുകളുടെ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ജി) പ്രസ്തുത പദ്ധതി അവലോകനം ചെയ്യുന്നതിന് ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടെ അടിയന്തര മീറ്റിംഗ് വിളിച്ചുകൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

1352/2017

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആറ് പാക്കേജുകളായുള്ള പ്രസ്തുത പദ്ധതിയിൽ പാക്കേജ്-I(ട്രാൻസ്മിഷൻ സിസ്റ്റം-I) ന്റെ 27200 m പൈപ്പ് സ്ഥാപിക്കുന്ന ജോലിയുടെ 17500 m പൂർത്തീകരിച്ചു. ബാക്കി പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

പാക്കേജ്-II(ട്രാൻസ്മിഷൻ സിസ്റ്റം-II)

17800 m-ൽ 14000 m പൈപ്പ് സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

പാക്കേജ് - III

വിതരണത്തിനുള്ള പൈപ്പുകൾ ലഭ്യമാണ്. ഇതിൽ 8 കി.മീ പൈപ്പുകൾ സ്ഥാപിച്ചു.

പാക്കേജ്-IV

വിതരണ ശൃംഖലയും ഉന്നതതല ജലസംഭരണിയും (സിസ്റ്റം-II)

As amount (70 കോടി) ലേയ്ക്ക് ലിമിറ്റ് ചെയ്ത് റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പാക്കേജ് - V & VI

(നിലവിലുള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തൽ)

വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് ഇതുവരെ 3894.67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പദ്ധതി 2016 അവസാനത്തോടെ പൂർത്തീകരിക്കാൻ സാധിക്കും.

(ഡി) നീരേറ്റുപുറം പ്ലാന്റിൽനിന്നും കിടങ്ങറ, എടത്വ എന്നിവിടങ്ങളിലുള്ള ഒ.എച്ച്. ടാങ്കുകളിലേയ്ക്ക് പൈപ്പ് ലൈൻ വലിച്ച് സപ്ലൈ ആരംഭിച്ചിട്ടുണ്ട്.

(ഇ) 2015 ഡിസംബറിനകം പദ്ധതികളുടെ പണി പൂർത്തീകരിക്കാൻ സാധിക്കുകയില്ല. വിവിധ ടാങ്കുകളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ പണികൾ പുരോഗമിച്ചുവരുന്നു. ടാങ്കുകളിൽനിന്ന് 6 പഞ്ചായത്തുകളിലേക്ക് ജലവിതരണം നടത്തുന്നതിനുള്ള വിതരണ ശൃംഖലയുടെ പണികളും പുരോഗമിക്കുന്നു. 2016 മാർച്ചോടുകൂടി ഈ പണികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മറ്റ് 6 പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖലയുടെ എസ്റ്റിമേറ്റ് അനുമതി നൽകുന്നതിനായി പരിശോധിച്ചുവരുന്നു. 12 പഞ്ചായത്തിലേക്കുള്ള വിതരണ ശൃംഖലയുടെ മാപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(എഫ്) കാവാലം ഒ.എച്ച്. ടാങ്ക് റീ-ടെണ്ടർ ചെയ്യുന്നതിനുവേണ്ടി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് പരിശോധനയിലാണ്. തകഴി ഒ.എച്ച്. ടാങ്കിന്റെ പണികൾ ആരംഭിക്കുന്നതിനുവേണ്ടി എഗ്രിമെന്റ് വച്ചുവെങ്കിലും ടാങ്കിന്റെ സ്ഥാനം മാറ്റേണ്ടി വന്നതിനാൽ ഡീവിയേഷൻ പ്രൊപ്പോസൽ അംഗീകാരം ലഭിക്കേണ്ടതുണ്ടായിരുന്നു. ഇപ്പോൾ അംഗീകാരം ലഭ്യമായിട്ടുണ്ട്.

(ജി) ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കും.

മൈനർ ഇറിഗേഷൻ പദ്ധതി നടപ്പാക്കൽ

170 (859) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പ് ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ഇനം തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) എത്ര തുക പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തി ഭരണാനുമതി ലഭ്യമാക്കിയെന്നും ആയവയുടെ നിലവിലുള്ള പുരോഗതി എന്തെല്ലാമെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടം

171 (860) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടം 8 ജില്ലകളിലെ 200 പഞ്ചായത്തുകളിൽ ആരംഭിക്കുമെന്ന് 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly